# മഹാത്മാഗാന്ധി സർവകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560

(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)


Draft #5 of File 35278/AC B7-3/2020/AC B 7 Approved by Registrar on 23-Aug-2020 06:52 PM - Page 1

35278/AC B7-3/2020/AC B 7
23.08.2020

**വിജ്ഞാപനം**

വിഷയം: സർവ്വകലാശാലയുടെ വിവിധ പഠന വകുപ്പുകളിലെ പി.ജി പ്രവേശനത്തിനായി പുറപ്പെടുവിച്ച വിജ്ഞാപനത്തിലും പ്രോസ്പെക്ടസിലും ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: (1) സർവകലാശാലാ വിജ്ഞാപനം നമ്പർ 7257/ ACB7-3/2020 തീയതി 17.02.2020

(2) സർവകലാശാലയുടെ പഠനവകുപ്പുകളിലെ പി.ജി പ്രോഗ്രാമുകളിലേക്കുള്ള 2020 വർഷത്തെ പ്രവേശനത്തിനായി 17/2/2020 തീയതിയിൽ പ്രസിദ്ധീകരിച്ച പ്രോസ്പെക്ടസ്.

(3) സർവ്വകലാശാല ഉത്തരവ് നമ്പർ 3647/ACA 1 / 2020 /എം.ജി.യു തീയതി 14.08.2020.

മേൽ സൂചന (1) പ്രകാരം മഹാത്മാഗാന്ധിസർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻ്റർ സ്കൂൾ സെൻ്ററിലെയും പി.ജി പ്രവേശനം, പൊതു പ്രവേശന പരീക്ഷ (CAT) ൻ്റെയും വിവരണാത്മക പരീക്ഷ / ഇൻ്റർവ്യൂ ഗ്രൂപ്പ് ഡിസ്കഷൻ എന്നിവയുടെയും അടിസ്ഥാനത്തിൽ നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ്-19 വ്യാപനത്തിനിൻ്റെ പശ്ചാത്തലത്തിൽ പ്രസ്തുത പൊതു പ്രവേശന പരീക്ഷ (CAT), 2020 ലെ അഡ്മിഷന് ഒഴിവാക്കുവാനും പ്രവേശനം യോഗ്യതാ പരീക്ഷയുടെ മാർക്കിൻ്റെ മാനദണ്ഡത്തിൽ നടത്തുന്നതിനും സർവകലാശാല തീരുമാനിച്ചു . സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട് സ് സയൻസസിലെ MPES പ്രോഗ്രാമിലേയ്ക്കും സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിലെ MA Social Work in Disability Studies and Action എന്ന പ്രോഗ്രാമിലേയ്ക്കുമുള്ള പ്രവേശനത്തിന് യോഗ്യതാ പരീക്ഷയുടെ മാർക്കിനൊപ്പം സൂചന (2) പ്രോസ്പെക്ടസിൽ ചേർത്തിട്ടുള്ള പ്രകാരം ഇൻ്റർവ്യൂവിലെ മികവ്/ഫിസിക്കൽ ഫിറ്റ്നസ് പരിശോധന/ മറ്റു സർട്ടിഫിക്കറ്റുകൾക്കുള്ള വെയിറ്റേജ് എന്നിവ കൂടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ പരിഗണിക്കുന്നതും മറ്റു പഠന വകുപ്പുകളിലേക്ക് പ്രവേശനത്തിനായി ഇൻ്റർവ്യൂ/എഴുത്തുപരീക്ഷാ/ഗ്രൂപ്പ് ഡിസ്കഷൻ എന്നിവ ഒഴിവാക്കി പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാനും തീരുമാനമെടുത്തു . സൂചന (3) ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പഠനവകുപ്പായ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടത്തപ്പെടുന്ന MA History പ്രോഗ്രാമിൻ്റെ സീറ്റുകളുടെ എണ്ണം 10 -ൽ നിന്നും 15 ആയും MA Anthropology പ്രോഗ്രാമിൻ്റെ സീറ്റുകളുടെ എണ്ണം 5 -ൽ നിന്നും 10 ആയും 2020-21 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായി വർദ്ധിപ്പിച്ചിരുന്നു.

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻ്റർ സ്കൂൾ സെൻ്ററിലെയും പി.ജി പ്രവേശനത്തിനായി പുറപ്പെടുവിച്ചിട്ടുള്ള സൂചന (1) വിജ്ഞാപനത്തിലും സൂചന (2) പ്രോസ്പെക്ടസിലും മേൽ സൂചിപ്പിച്ചപ്രകാരമുള്ള ഭേദഗതി വരുത്തിയിരിക്കുന്നു.

Dr.Prakash Kumar B.
Registrar

പകർപ്പ്

(1) എല്ലാ പഠന വകുപ്പ്/ ഇൻ്റർ യൂണിവേഴ്സിറ്റി സെൻ്റർ മേധാവിമാർക്കും

(2)വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ്

അന്വേഷണം : 0481 - 2731020, 2733300
രജിസ്ട്രാർ : 0481 - 2731007
mgu@mgu.ac.in
registrar@mgu.ac.in
www.mgu.ac.in

മാർക്ക്

(3) രജിസ്ട്രാറുടെയും , പരീക്ഷാ കൺട്രോളറുടെയും പി.എ മാർക്ക്

(4) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5) എ.ആർ 4 (അക്കാദമിക്), CITAD

(6) പി.ആർ.ഒ, കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

Draft #5 of File 35278/AC B7-3/2020/AC B 7 Approved by Registrar on 23-Aug-2020 06:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം